**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2214** **05-02-2026-ൽ മറുപടിയ്ക്ക്**

**<u>സർക്കാർ ആശുപത്രികളിലെ സ്റ്റാഫ് പാറ്റേൺ പരിഷ്കരണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. അനൂപ് ജേക്കബ് ശ്രീ. കെ. മുരളീധരൻ

(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിലെ നിലവിലെ സ്റ്റാഫ് പാറ്റേൺ ഏത് വർഷമാണ് പ്രാബല്യത്തിൽ വന്നതെന്ന് വ്യക്തമാക്കാമോ; സ്റ്റാഫ് പാറ്റേൺ കാലാനുസൃതമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u> സർക്കാർ ആശുപത്രികളിൽ സ്റ്റാഫ് പാറ്റേൺ സംബന്ധിച്ച് 1961 ലാണ് ഒരു സർക്കാർ ഉത്തരവിറങ്ങിയിട്ടുള്ളത്. പിന്നീട് കാലാനുസൃതമായ നിരവധി പരിഷ്കാരങ്ങൾ ആരോഗ്യ മേഖലയിൽ സർക്കാർ വരുത്തിയിട്ടുണ്ട്. 1983-ൽ മെഡിക്കൽ വിദ്യാഭ്യാസം പ്രത്യേക വകുപ്പായി രൂപീകരിക്കപ്പെട്ടു. ഇന്ന് ആരോഗ്യ മേഖലയിലെ തസ്തികകളിലും ഉത്തരവാദിത്തങ്ങളിലും വലിയ മാറ്റങ്ങളാണ് ഉണ്ടായിട്ടുള്ളത്.**

**സംസ്ഥാനത്ത് നവകേരള കർമ്മ പദ്ധതി- ആർദ്രം മിഷൻ നടപ്പിലാക്കാൻ തുടങ്ങിയത് മുതൽ ആർദ്രം ദൗത്യരേഖ മാനദണ്ഡമായി സ്വീകരിച്ചുകൊണ്ട് ആരോഗ്യ സ്ഥാപനങ്ങളുടെ സ്റ്റാഫ് പാറ്റേൺ ഘട്ടം ഘട്ടമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ ഉൾപ്പെടെ ആരോഗ്യ മേഖലയെ ശാക്തീകരിക്കുന്നതിനുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. കാലാകാലങ്ങളിൽ മാറ്റമുണ്ടാകുന്ന എൻ.എം.സി മാനദണ്ഡങ്ങൾക്കനുസൃതമായി മെഡിക്കൽ കോളേജിലെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിച്ചു വരുന്നുണ്ട്. ആർദ്രം പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി 2016 മുതൽ നാളിതുവരെ ആരോഗ്യ വകുപ്പിന് കീഴിൽ ആകെ 4693തസ്തികകളും ആരോഗ്യ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള മെഡിക്കൽ കോളേജുകളുടെ അക്കാഡമിക നിലവാരം ഉയർത്താനും അതോടൊപ്പം തന്നെ മെച്ചപ്പെട്ട ചികിത്സാ സൗകര്യം ഒരുക്കുന്നതിനുമായി 5250തസ്തികകളും സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്.**

**പി.എസ്.സി വഴിയുള്ള നിയമനം കൂടാതെ ദേശീയ ആരോഗ്യ ദൗത്യം (എൻ.എച്ച്.എം), ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി/ എച്ച്.ഡി.സി /എച്ച്.ഡി.എസ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, KASP, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, അഡ്ഹോക്ക് വ്യവസ്ഥ തുടങ്ങിയവ മുഖേനയും ആരോഗ്യ പ്രവർത്തകരെ ആശുപത്രികളിൽ നിയമിക്കുന്നുണ്ട്**

**(ബി)** മെഡിക്കൽ കോളേജുകളിലെയും ജില്ലാ ആശുപത്രികളിലെയും അമിതമായ തിരക്ക് നിയന്ത്രിക്കുന്നതിനായി, താലൂക്ക് ആശുപത്രികളിൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനം സ്ഥിരമായി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** രോഗികളുടെ സാന്ദ്രത, നിലവിലുള്ള ജീവനക്കാരുടെ ലഭ്യത, സ്ഥാപനങ്ങളുടെ പ്രവർത്തനക്ഷമത തുടങ്ങിയ ഘടകങ്ങൾ ഉൾപ്പെടുത്തി ഗ്യാപ് അനാലിസിസ് നടത്തി വിശദമായ വിലയിരുത്തലിന്റെ അടിസ്ഥാനത്തിലാണ് ഘട്ടം ഘട്ടമായി ആർദ്രം മാനദണ്ഡ പ്രകാരം ആരോഗ്യവകുപ്പിൽ തസ്തിക സൃഷ്ടിക്കുന്നത്. ആർദ്രം പദ്ധതി ആരംഭിച്ചതിന് ശേഷം താലൂക്ക്/ താലൂക്ക് ആസ്ഥാന ആശുപത്രി/ജില്ലാ/ജനറൽ ആശുപത്രി തുടങ്ങി ആരോഗ്യവകുപ്പിന് കീഴിലുള്ള മറ്റ് ആരോഗ്യ സ്ഥാപനങ്ങളിൽ സ്പെഷ്യലിസ്റ്റ് തസ്തികകൾ ഉൾപ്പെടെ **ആകെ 4693** തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

**(സി)** സർക്കാർ ആശുപത്രികളിൽ ലഭ്യമാക്കിയിട്ടുള്ള ആധുനിക മെഡിക്കൽ ഉപകരണങ്ങൾ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിനും പരിപാലിക്കുന്നതിനും ആവശ്യമായ സാങ്കേതിക വൈദഗ്ധ്യമുള്ള ഉദ്യോഗാർത്ഥികളെ സ്ഥിരമായി നിയമിക്കാൻ നടപടി സ്വീകരിക്കുമോ; ആയതിലേയ്ക്കായി സ്ഥിരം തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>മറുപടി:</u>** ഉത്തരം (ബി) പിരിവിൽ ചേർത്തിരിക്കുന്നു

**സെക്ഷൻ ഓഫീസർ**